ഉത്തരം

2009 ആഗസ്റ്റ് മാസത്തിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പരിപാടി പ്രാരംഭഘട്ടത്തിൽ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ഒരു സ്കൂൾ എന്ന ക്രമത്തിൽ വിദ്യാഭ്യാസ വകുപ്പ് തെരഞ്ഞെടുത്ത സ്കൂളുകളിലാണ് നടപ്പിലാക്കിയത്. എന്നാൽ ചില പഞ്ചായത്തുകൾക്ക് പ്രാതിനിധ്യം ലഭിക്കുകയുണ്ടായില്ല. അത്തരത്തിൽ വിട്ടുപോയ 225 പഞ്ചായത്തുകൾകൂടി ഉൾപ്പെടുത്തി ഈ അധ്യയനവർഷം പദ്ധതി നടപ്പിലാക്കാൻ നടപടി ആരംഭിച്ചു കഴിഞ്ഞു. ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ വിട്ടുപോയ പഞ്ചായത്തുകളിലെ സ്കൂളുകളിലാണ് ഇപ്രകാരം പദ്ധതി വ്യാപിപ്പിക്കുന്നത്.

ചികിത്സാധനസഹായത്തിന് നൽകിയ തുക

13 (4882) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എം.എ.പി. മുഖേന ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു രോഗിക്ക് ഏറ്റവും കുറഞ്ഞത് എത്ര തുകയും ഏറ്റവും കൂടുതൽ എത്ര തുകയുമാണ് അനുവദിച്ചത് ;

(ബി) തുക അനുവദിക്കുന്നതിലെ ഏറ്റക്കുറച്ചിലുകളുടെ മാനദണ്ഡം എന്താണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു രോഗിക്ക് ഏറ്റവും കുറഞ്ഞത് 2250 രൂപയും ഏറ്റവും കൂടുതലായി 20,000 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) എസ്.എം.എ.പി.യിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ രോഗത്തിനും/ശസ്ത്രക്രിയയ്ക്കും ഒരു നിശ്ചിത തുക സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

രോഗത്തിന്റെ/ശസ്ത്രക്രിയയുടെ പേര്	പരമാവധി അനുവദിക്കുന്ന തുക
1. മസ്തിഷ്ക ശസ്ത്രക്രിയ	20,000
2. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ	20,000
3. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ	20,000
4. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ	20,000
5. തൊറാസിക് ശസ്ത്രക്രിയ	20,000
6. പേസ്മേക്കർ സ്ഥാപിക്കൽ	10,000

LIBRARY ARCHIVES Kerala Legislative Assembly

7. ആൻജിയോപ്ലാസ്റ്റി	10,000
8. അസ്ഥി സംബന്ധമായ ശസ്ത്രക്രിയ	10,000
9. ക്യാൻസർ	10,000
10. ഡയാലിസിസ്	10,000

ഒരു രോഗിക്ക് ടിയാളുടെ ചികിത്സയ്ക്ക്/ശസ്ത്രക്രിയയ്ക്ക് എത്ര തുക വേണ്ടിവരും എന്ന് ചികിത്സിക്കുന്ന ഡോക്ടർ സാക്ഷ്യപ്പെടുത്താറുണ്ട്. അവ മേൽ കാണിച്ചിരിക്കുന്ന തുകകളിൽ കൂടുതലാണെങ്കിൽ മേൽ പറഞ്ഞ തുക നൽകുന്നതും കുറവാണെങ്കിൽ അത്രയും തുക മാത്രവുമാണ് നൽകാറുള്ളത്.

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിനുള്ള നിവേദനം

14 (4883) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം തുടങ്ങുന്നതിന് നിവേദനം സർക്കാരിന് ലഭ്യമായിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ആശുപത്രികളിലാണ് അത്യാഹിത വിഭാഗം ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ

15 (4884) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് കണ്ണൂർ ജില്ലയിൽ എത്ര രൂപയുടെ പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചത് ;

(ബി) ജില്ലയിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ;

(സി) ഇവ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ 8.5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly